പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3996 26.06.2013-ൽ മറുപടിക്ക്

## ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ അനസ്തേഷ്യ ഡോക്ടറെ നിയമിക്കാൻ നടപടി

**ചോദ്യം**

**ശ്രീ.ജി.സുധാകരൻ**

**മറുപടി**

**ശ്രീ.വി.എസ്.ശിവകുമാർ**
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഡോക്ടർമാരും നഴ്സുമാരും ഉൾപ്പെടെ ജീവനക്കാരുടെ അനുവദനീയമായ തസ്തിക എത്ര; നിലവിൽ ജോലി ചെയ്യുന്നവർ എത്ര; ഒഴുവുകളെത്ര എന്ന് വിശദമാക്കാമോ;

(എ) ജീവനക്കാരുടെ അനുവദനീയമായ തസ്തികകളുടെയും ഒഴിവുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | അനുവദിക്കപ്പെട്ട എണ്ണം | നിലവിൽ ജോലി ചെയ്യുന്നവർ | ഒഴിവുകൾ |
|---|---|---|---|---|
| 1 | സ്റ്റാഫ് നേഴ്സ് | 67 | 51 | 16 |
| 2 | ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 | 0 |
| 3 | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് | 1 | 1 | 0 |
| 4 | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 1 | 0 | 1 |
| 5 | നഴ്സിംഗ് അസിസ്റ്റന്റ് | 45 | 36 | 9 |
| 6 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - II | 39 | 32 | 7 |
| 7 | ഡോക്ടർ | 25 | 24 | 1 |
| 8 | ഡെപ്യൂട്ടി സൂപ്രണ്ട് | 1 | 0 | 1 |
| 9 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II | 1 | 1 | 0 |
| 10 | സൂപ്പർ ന്യൂമററി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II | 1 | 1 | 0 |
| 11 | ഡ്രൈവർ | 1 | 1 | 0 |

(ബി) ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി

(ബി) ഒഴിവുള്ള തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ നിലവിൽ

| | |
|---|---|
| ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | ഒഴിവുള്ള സ്റ്റാഫ് നഴ്സുമാരുടെ 16 തസ്തികയിൽ 4 പേരെ താൽക്കാലികമായും ബാക്കിയുള്ള 12 ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസിൽ നിന്നും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) അനസ്തേഷ്യ ഡോക്ടറുടെ സേവനം എപ്പോഴും ലഭ്യമല്ലാത്തതുകൊണ്ട്, ഗൈനക്കോളജി വിഭാഗത്തിൽ സിസേറിയൻ ഉൾപ്പെടെയുള്ള ഓപ്പറേഷനുകൾ സമയ ബന്ധിതമായി നടത്താൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്; ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത ആശുപത്രിയിൽ നിലവിൽ 2 അനസ്തേഷ്യ ഡോക്ടർമാരുടെയും ഒരു ജൂനിയർ കൺസൾട്ടന്റിന്റെയും സേവനം ലഭ്യമാണ്. പ്രസ്തുത ഡോക്ടർമാർ അവധിയിൽ പോകുമ്പോൾ ജില്ലാ മെഡിക്കൽ ആഫീസർ പ്രവർത്തന ക്രമീകരണം വഴി ഡോക്ടർമാരെ നൽകുന്നുമുണ്ട്. |
| (ഡി) ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് മാത്രമായി സ്ഥിരമായി അനസ്തേഷ്യ ഡോക്ടറെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) പ്രസ്തുത ആശുപത്രിയിൽ മാത്രമായി അനുവദിച്ചിട്ടുള്ള അനസ്തേഷ്യ ഡോക്ടർമാരുടെ 2 സ്ഥിരം തസ്തികയിലും ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. |

Sobha

സെക്ഷൻ ഓഫീസർ